കേരള സർക്കാർ

# വിവര പൊതുജന സമ്പർക്ക വകുപ്പ്

# പത്രക്കുറിപ്പ്


**ജില്ലാ ഇൻഫർമേഷൻ ആഫീസ്** **2018 ജൂൺ 25**

**കാസർകോട്** **തിങ്കൾ**

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**


## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സിറ്റിംഗിൽ 27 പരാതികൾ പരിഗണിച്ചു

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കാസർകോട് ഹൗസിൽ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് പി.എസ്. ഗോപിനാഥന്റെ നേതൃത്വത്തിൽ നടത്തി. കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം അനുവദിച്ച ആശ്വാസ തുക വായ്പാ കണക്കിൽ വരവുവച്ചത്, വായ്പാ കണക്ക് തീർപ്പാക്കുന്നതിൽ കാലതാമസം വന്നത്, കടാശ്വാസ തുക ലഭിച്ചിട്ടും ഈടാധാരങ്ങൾ ബാങ്കുകൾ തിരികെ നല്കാത്തത്, കടാശ്വാസ തുകയിൽ കൂടുതൽ വരുന്ന ബാധ്യയുള്ളത് അടക്കാൻ കഴിയാതെ വന്നതിന് പരിഹാരം കാണൽ തുടങ്ങിയ വിവിധങ്ങളായ പരാതികൾ കമ്മീഷന് ലഭിച്ചു. അത്തരത്തിൽ ലഭിച്ച 27 പരാതികളാണ് സിറ്റിംഗിൽ പരിഗണിച്ചത്. ഇതിൽ 2010-ൽ കമ്മീഷൻ ശിപാർശ പ്രകാരം കടാശ്വാസ തുക അനുവദിച്ച 12 കേസുകളും 2012ലും 2014ലും കമ്മീഷൻ കടാശ്വാസത്തിന് ശിപാർശ ചെയ്ത ഓരോ കേസുകളും ഉൾപ്പെടും. മതിയായ രേഖകളുടെ അഭാവത്തിൽ കടാശ്വാസത്തിന് പരിഗണിക്കാതിരുന്നതിൽ ലഭിച്ച പരാതികളും അദാലത്തിൽ പരിഗണിച്ചു.

2008-ലെ വായ്പ ആയതിനാൽ നിലവിലുള്ള നിയമം പ്രകാരം കടാശ്വാസം അനുദിക്കാതിരുന്ന അപേക്ഷയിൽ ലഭിച്ച പരാതി പരിഗണിച്ച് അത്തരത്തിൽ ലഭിക്കുന്ന വായ്പക്ക് കടാശ്വാസം പരിഗണിക്കുന്നതിന് സർക്കാർ പ്രഖ്യാപനം വന്നിട്ടുണ്ടെങ്കിലും ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്ന മുറയ്ക്ക് മാത്രമേ പരിഗണിക്കാനാവൂ എന്നതിനാൽ മാറ്റിവച്ചു.

കമ്മീഷൻ കടാശ്വാസം 2010-ൽ ശിപാർശ ചെയ്തിട്ടും സഹകരണ വകുപ്പ് ഓഡിറ്റ് വിഭാഗം കടാശ്വാസം നിഷേധിച്ച ആറു കേസകളിലായി 1,71,746 രൂപ രു മാസത്തിനകം തുക അനുവദിച്ച് നൽകുന്നതിന് സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർക്ക് കമ്മീഷൻ നിർദ്ദേശം നല്കി. ജില്ലാ സഹകരണ ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും 2010-ൽ വായ്പയെടുത്ത കടാശ്വാസം ശിപാർശ ചെയ്ത ആറു കേസുകളിൽ ആശ്വാസ തുക കൈപ്പറ്റിയ ശേഷവും ഈടാധാരങ്ങൾ തിരികെ നൽകിയില്ലെന്ന പരാതികളിൽ 2018 മാർച്ചിൽ നൽകിയ ഉത്തരവ് പാലിക്കാത്തതിൽ കമ്മീഷൻ അതൃപ്തി പ്രകടിപ്പിച്ചു. നിയമാനുസൃതം കമ്മീഷൻ നൽകിയ ഉത്തരവ് പാലിച്ച് മത്സ്യത്തൊഴിലാളികളുടെ ഈട് പ്രമാണങ്ങൾ ഒരു മാസത്തിനകം തിരികെ നൽകി കമ്മീഷന് റിപ്പോർട്ട് ചെയ്യാൻ ഉത്തരവിട്ടു. സർക്കാർ ഉത്തരവും സഹകരണ സംഘം രജിസ്ട്രാറുടെ ഉത്തരവുകളും സർക്കുലറുകളും അനുസരിച്ച് പ്രവർത്തിക്കാനുള്ള ബാധ്യത സഹകരണ നിയമത്തിൻ പ്രകാരം രജിസ്റ്റർ ചെയ്ത സൊസൈറ്റിക്കുന്നെ കാര്യം കമ്മീഷൻ സൊസൈറ്റി സെക്രട്ടറിയെ ഓർമ്മപ്പെടുത്തി. മുതലിനത്തിൽ സർക്കാർ അനുവദിച്ച തുക പലിശയിലും പിഴപ്പലിശയിലും മറ്റും രേഖപ്പെടുത്തി വായ്പ കണക്ക് ക്ളോസ് ചെയ്യാതെ കൂടുതൽ തുക വീും ആവശ്യപ്പെട്ട കേസിൽ ഈട് ആധാരം തിരികെ നൽകുന്നതിന് ഹൗസിംഗ് സൊസൈറ്റിയോട് കമ്മീഷൻ നിർദ്ദേശിച്ചു.

(തുടരും)

തൃക്കരിപ്പൂര്‍ റൂറല്‍ കോ-ഓപ്പറേറ്റീവ് ഹൗസിംഗ് സൊസൈറ്റിയില്‍ നിന്നും വായ്പയെടുത്ത ഒരു മത്സ്യത്തൊഴിലാളിക്ക് 2010-ല്‍ സര്‍ക്കാര്‍ കടാശ്വാസം അനുവദിച്ചിട്ടും വായ്പ ക്ളോസ് ചെയ്യാതെ ഈടാധാരം തിരികെ നല്‍കിയില്ലെന്ന് പരാതിയില്‍ കമ്മീഷന്‍ കഴിഞ്ഞ കഴിഞ്ഞ മാര്‍ച്ചില്‍ നല്‍കിയ ഉത്തരവ് പാലിക്കാത്തതില്‍ വിശദീകരണം ആവശ്യപ്പെട്ടു. എത്രയും വേഗം ഈടാധാരം ഹൗസിംഗ് ഫെഡറേഷനില്‍ നിന്നും വാങ്ങി പരാതിക്കാരന് തിരികെ നല്‍കാനും കമ്മീഷന്‍ ഉത്തരവിട്ടു. സിന്‍ഡിക്കേറ്റ് ബാങ്കില്‍ നിന്നും വായ്പയെടുത്ത മത്സ്യത്തൊഴിലാളിക്ക് സര്‍ക്കാര്‍ കടാശ്വാസം അനുവദിക്കുകയും ബാങ്കിന്റെ തിരുവനന്തപുരം റീജിയണല്‍ ഓഫീസ് മുഖേന തുക അനുവദിച്ചിട്ടും വായ്പ ക്ളോസ് ചെയ്യാതിരിക്കുന്നതില്‍ അന്വേഷിച്ച് നടപടി സ്വീകരിക്കാന്‍ ബാങ്ക് മാനേജരോട് നിര്‍ദ്ദേശിച്ചു. വായ്പ കുടിശ്ശിക കാരണം അക്കൗില്‍ പണം പിന്‍വലിക്കുന്നത് തടഞ്ഞ ബാങ്കിന്റെ നടപടി ശരിയായില്ലെന്നും പാവപ്പെട്ട മത്സ്യത്തൊഴിലാളികളെ ബുദ്ധിമുട്ടിക്കാതിരിക്കാന്‍ ശ്രദ്ധിക്കണ മെന്നും കമ്മീഷന്‍ നിര്‍ദ്ദേശിച്ചു.കേരള ഗ്രാമീണ്‍ ബാങ്കിന്റെ തൃക്കനാട് ശാഖയില്‍ നിന്നും വായ്പയെടുത്ത രു മത്സ്യത്തൊഴിലാളികള്‍ക്ക് കടാശ്വാസം പരിഗണിക്കുന്നതിന് മതിയായ രേഖകള്‍ അടുത്ത സിറ്റിംഗില്‍ ഹാജരാക്കാന്‍ നിര്‍ദ്ദേശിച്ചു.

കേരള ഗ്രാമീണ്‍ ബാങ്കിന്റെ കാഞ്ഞങ്ങാട് ശാഖയില്‍ നിന്നും വായ്പയെടുത്ത മൂന്നു കേസുകള്‍ പരിഗണി ക്കുന്നതിന് പരാതിക്കാര്‍ ഹാജരായിരുന്നില്ല. വായ്പയെടുത്ത രു മത്സ്യത്തൊഴിലാളികള്‍ മരണപ്പെട്ടതായും വായ്പ പുതുക്കുന്നതിന് അവകാശികളില്‍ നിന്നും രേഖകള്‍ വാങ്ങിയതിനും രേഖകള്‍ ഹാജരാക്കാന്‍ നിര്‍ദ്ദേശിച്ചു. കടാശ്വാസ തുക ലഭിച്ചതിനെ തുടര്‍ന്ന് ലഭിച്ച രു പരാതികള്‍ പരിഗണിച്ചതില്‍ വായ്പ കണക്ക് ക്ളോസ് ചെയ്ത് ഈടാധാരങ്ങള്‍ തിരികെ നല്കാന്‍ കേരള ഗ്രാമീണ്‍ ബാങ്ക് മേല്‍പ്പറമ്പ് ശാഖ, നീലേശ്വരം സര്‍വീസ് സഹകരണ ബാങ്ക് എന്നിവയോട് കമ്മീഷന്‍ നിര്‍ദ്ദേശിച്ചു. കടാശ്വാസ സംബന്ധിച്ച് കൂടുതല്‍ പരാതികള്‍ ലഭിച്ചു. അവ അടുത്ത അദാലത്തില്‍ പരിഗണിക്കും.

സിറ്റിംഗില്‍ കമ്മീഷന്‍ അംഗം ടി.എന്‍. പ്രതാപന്‍, കമ്മീഷന്‍ നിരീക്ഷകനായി ഗംഗാധരന്‍, ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാര്‍ കെ.എ. ഹമീദ്, അസിസ്റ്റന്റ് രജിസ്ട്രാര്‍ മുരളീധരന്‍ നായര്‍, വിവിധ ധനകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധകള്‍ തുടങ്ങിയവര്‍ പങ്കെടുത്തു.

## മാറ്റിവച്ച പിഎസ്‌സി പരീക്ഷ നാളെ

കേരള പബ്ലിക്ക് സര്‍വീസ് കമ്മീഷന്‍ ജൂണ്‍ അഞ്ചിന് രാവിലെ 7.30 മുതല്‍ 9.15 വരെ നടത്തുവാന്‍ നിശ്ചയിച്ചതും എന്നാല്‍ നിപ്പാ വൈറസ് ബാധമൂലം മാറ്റിവച്ചതുമായ കേരള ഹയര്‍ സെക്കന്‍ഡറി എജ്യുക്കേഷന്‍ വകുപ്പിലെ ഹയര്‍ സെക്കന്‍ഡറി സ്കൂള്‍ ടീച്ചര്‍ (ജൂനിയര്‍) ഫിസിക്സ്(കാറ്റഗറി നമ്പര്‍.332/2017) തസ്തികയിലേക്കുള്ള ഒ എം ആര്‍ പരീക്ഷ നാളെ(ജൂണ്‍ 27) രാവിലെ 7.30 മുതല്‍ 9.15 വരെ അതാത് പരീക്ഷാ കേന്ദ്രങ്ങളില്‍ നടത്തും. ഉദ്യോഗാര്‍ത്ഥികളുടെ രജിസ്റ്റര്‍ നമ്പറിനോ, സമയത്തിനോ, പരീക്ഷാകേന്ദ്രങ്ങള്‍ക്കോ, യാതൊരു വിധ മാറ്റവും ഉായിരിക്കുതല്ല.

## മാറ്റിവച്ച പിഎസ്‌സി പരീക്ഷ 28ന്

കേരള പബ്ലിക്ക് സര്‍വീസ് കമ്മീഷന്‍ ഈ മാസം ഏഴിന് രാവിലെ 7.30 മുതല്‍ 9.15 വരെ നടത്തുവാന്‍ നിശ്ചയിച്ചതും എന്നാല്‍ നിപ്പാ വൈറസ് ബാധമൂലം മാറ്റിവെച്ചതുമായ ഇന്‍ഡ്യന്‍ സിസ്റ്റം ഓഫ് മെഡിസിന്‍/ ഇന്‍ഷ്വറന്‍സ് മെഡിക്കല്‍ സര്‍വീസ് വകുപ്പിലെ മെഡിക്കല്‍ ഓഫീസര്‍ (ആയുര്‍വേദ)/അസിസ്റ്റന്റ് ഇന്‍ഷ്വറന്‍സ് മെഡിക്കല്‍ ഓഫീസര്‍(ആയുര്‍വേദ) (കാറ്റഗറി നമ്പര്‍:541/2017) തസ്തികയിലേക്കുള്ള ഒഎംആര്‍ പരീക്ഷ ഈ മാസം 28ന് (ജൂണ്‍ 28) രാവിലെ 7.30 മുതല്‍ 9.15 വരെ നടത്തും. ഉദ്യോഗാര്‍ത്ഥികളുടെ പരീക്ഷാകേന്ദ്രങ്ങള്‍ക്കോ, സമയത്തിനോ, രജിസ്റ്റര്‍ നമ്പറിനോ യാതൊരു വിധ മാറ്റവും ഉായിരിക്കില്ല.

## മാറ്റിവച്ച പിഎസ്‌സി പരീക്ഷ 29ന്

നിപ്പാ വൈറസ് ബാധമൂലം കേരള പബ്ലിക്ക് സര്‍വീസ് കമ്മീഷന്‍ മാറ്റിവച്ച ജൂണ്‍ 13ലെ വ്യവസായ പരി ശീലനവകുപ്പിലെ ജൂനിയര്‍ ഇന്‍സ്ട്രക്ടര്‍(മെക്കാനിക്ക് റഫ്രിജറേഷന്‍ ആന്റ് എയര്‍ കീഷനിംഗ്) (കാറ്റഗറി ന മ്പര്‍: 002/2017) തസ്തികയിലേക്കുള്ള ഒ എം ആര്‍ പരീക്ഷ ഈ മാസം 29(ജൂണ്‍ 29) രാവിലെ 7.30 മുതല്‍ 9.15 വരെ അതാത് പരീക്ഷാ കേന്ദ്രങ്ങളില്‍ നടത്തും. ഉദ്യോഗാര്‍ത്ഥികളുടെ രജിസ്റ്റര്‍ നമ്പറിനോ, സമയത്തിനോ, പരീക്ഷാകേന്ദ്രങ്ങള്‍ക്കോ, യാതൊരു വിധ മാറ്റവും ഉായിരിക്കുതല്ല.

(തുടരും)

# ദുബായിൽ എം.ആർ.ഐ ടെക്‌നീഷ്യൻ നിയമനത്തിന് അപേക്ഷിക്കാം

ദുബായിലെ എമിറേറ്റ്‌സ് സ്‌പെഷ്യാലിറ്റി ആശുപത്രിയിലേയ്ക്ക് എം.ആർ.ഐ / സി.റ്റി ടെക്‌നീഷ്യൻ നിയമനത്തിന് വനിതകളിൽ നിന്ന് നോർക്ക റൂട്ട്‌സ് അപേക്ഷ ക്ഷണിച്ചു. 28നും 35നും മധ്യെ പ്രായവും റേഡി യേഷൻ ടെക്‌നോളജിയിൽ ബി.എസ്സ് ബിരുദവുമുള്ള വനിതകൾക്ക് അപേക്ഷിക്കാം. അവസാന തീയതി ഈ മാസം 28. ശമ്പളം 8000 ദിനാർ. കൂടുതൽ വിവരങ്ങൾ 1800 425 3939 എ ഫോ നമ്പരിലോ www.norkaroots.net വെബ്‌സൈറ്റിലോ ലഭിക്കും.

# സമഗ്ര പച്ചക്കറി കൃഷി വികസനം; ജില്ലയ്ക്ക് 346 ലക്ഷം രൂപ അനുവദിച്ചു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിവിധ ഘടകങ്ങളിലായി ജില്ലയ്ക്ക് 346 ലക്ഷം രൂപ അനുവദിച്ചതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. 'ഓണത്തിന് ഒരു മുറം പച്ചക്കറി' എ പദ്ധതി രാം വർഷത്തിലേക്ക് കടക്കുകയാണ്. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം 3,60,000 വിത്ത് പായ്ക്കറ്റുകൾ സ്‌കൂൾ കുട്ടികൾകും കർഷകർക്കുമായി ജില്ലയിൽ വിതരണം ചെയ്തുകഴിഞ്ഞു. ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വിത്ത് എത്തിക്കുന്നിതിനൊപ്പം ര് ലക്ഷം പച്ചക്കറി തൈകളും ജില്ലയിൽ സൗജന്യമായി വിതരണം ചെയ്യും.

പച്ചക്കറി നടാൻ അനുയോജ്യമായ സ്ഥലമില്ലാത്ത നഗര പ്രദദേശങ്ങളിലേയും ഗ്രാമപ്രദേശങ്ങളിലേയും കർഷകർക്ക് പച്ചക്കറി തൈകൾ നട്ടു പിടിപ്പിച്ച 25 ഗ്രോബാഗുകൾ അടങ്ങിയ 1000 യൂണിറ്റുകൾ ജില്ലയിലെ ഫാമുകളിൽ ഉൽപാദിപ്പിച്ച് വിതരണം ചെയ്യും. 2000 രൂപ വിലയുള്ള ഗ്രോബാഗ് യൂണിറ്റ് ഒന്നിന് 75% സബ്‌സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്. യൂണിറ്റൊന്നിന് ഗുണഭോക്തൃവിഹിതമായി 500 രൂപ കർഷകർ കൃഷി ഭവനിലടക്കണം. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോൽസാഹിപ്പിക്കുന്നനിന് അഞ്ച് ഹെക്ടർ വീതമുള്ള ക്‌ളസ്റ്ററുകൾ കൃഷി ഭവൻ തലത്തിൽ രൂപീകരിച്ചിട്ട്. 15000 രൂപ ഹെക്ടറിന് എന്ന നിരക്കിൽ ഇവർക്ക് ധനസഹായം നൽകും. ജില്ലയിൽ ഇത്തരം 60 ക്‌ളസ്റ്ററുകൾക്കാണ് ഈ വർഷം ധനസഹായം നൽ കുന്നത്. തരിശ് സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് 30000 രൂപയാണ് ഹെക്ടറിന് ധനസഹായം. ജില്ലയിൽ 55 ഹെക്ടർ തരിശ് സ്ഥലത്ത് കൃഷിയിറക്കുന്നതിന് ഈ വർഷം ധനസഹായം നൽകും.

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി രൂപകല്പന ചെയ്യതിട്ടുള്ള നൂതന രീതിയായ മഴമറ കൃഷിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷിചെയ്യുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനും കഴിയും. 100 സ്‌ക്വയർ മീറ്റർ വിസ്തൃതിയുള്ള മഴമറയ്ക്ക് പരമാവധി 50000 രൂപ വരെയുള്ള ധനസഹായം നൽകും. ജില്ലയിൽ ഈ വർഷം ഇത്തരം 40 മഴമറ യൂണിറ്റുകൾ നിർമ്മിക്കുതിന് 50000 രൂപ വീതം ധനസഹായം നൽകും.പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുതിന്റെ ഭാഗമായി കുറഞ്ഞ ചെലവിൽ കണിക ജലസേചനം നടത്തുനിനായി കഴിഞ്ഞ സാമ്പത്തിക വർഷം ആരംഭിച്ച ഫിമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം ഈ വർഷവും തുടരും. ഇത്തരം ചെറുകടി ജലസേചന യൂണിറ്റുകൾക്ക് 7500 രൂപ തോതിൽ സബ്‌സിഡി അനുവദിക്കും. ജില്ലയിൽ ഇത്തരം 15 യൂണിറ്റുകൾ സ്ഥാപിക്കും. ഗ്രോബാഗിൽ ജലസേചനം നടത്തുന്നതിനായി മിനിഡ്രിപ്പ് അല്ലെങ്കിൽ വിക്ക് ഇറിഗേഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 2000 രൂപ സബ്‌സിഡി അനുവദിക്കും. ഈ വർഷം ജില്ലയിൽ 35 യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സബ്‌സിഡി നൽകും.

ബഹുവർഷ പരമ്പരാഗത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അഗത്തി, മുരിങ്ങ, കറിവേപ്പ്, പപ്പായ തുടങ്ങിയവയുടെ തൈകളടങ്ങിയ 100 രൂപ വില വരു 2000 കിറ്റുകൾ 50 ശതമാനം സബ്‌സിഡിയോടെ വിതരണം ചെയ്യും. കൂടാതെ പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്ത് ഉൽപാദിപ്പിച്ച് വിതരണം ചെയ്യുതിനായി ഹെക്ടറൊന്നിന് 25000 രൂപ സബ്‌സിഡി അനുവദിക്കും. അഞ്ച് ഹെക്ടർ സ്ഥലത്താണ് ഈ വർഷം പദ്ധതി നടപ്പിലാക്കുന്നത്. ഒരു വീട്ടിലേക്കാവശ്യമായ മുഴുവൻ പച്ചക്കറികളും ചെറിയ സ്ഥലത്ത് നിന്ന് ഉൽപാദിപ്പിക്കുതിനുകുന്ന മിനി പോളി ഹൗസുകൾ നിർമ്മിക്കുന്നതിന് കൃഷി വകുപ്പ് ധനസഹായം

(തുടരും)

നല്‍കും. 10 സ്ക്വയര്‍ മീറ്റര്‍ വിസ്യതിയുള്ള പോളിഹൗസിന് യൂണിറ്റ് ഒന്നിന് 45000 രൂപയും 20 സ്ക്വയര്‍ മീറ്റര്‍ വിസ്തൃതിയുള്ള പോളി ഹൗസിന് യൂണിറ്റ് ഒന്നിന് 60000- രൂപയുമാണ് ധനസഹായം. വര്‍ഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കാനും കാലാവസ്ഥ അനുകൂലമാക്കി ഉല്‍പാദനം വര്‍ധിപ്പിക്കാനും പോളി ഹൗസ് കൃഷി മുഖാന്തിരം സാധിക്കും.പച്ചക്കറികള്‍ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ചെലവ് കുറഞ്ഞ മാര്‍ഗമാണ് ഊര്‍ജ്ജ രഹിത (കൂള്‍ ചേമ്പര്‍) ശീതികരണ യൂണിറ്റുകള്‍. പുറത്തെ താപനിലയെക്കാള്‍ 10 മുതല്‍ 15 ഡിഗ്രി സെല്‍ഷ്യസ് വരെ കുറവ് താപനില നിലനിര്‍ത്തുരീതിയില്‍ ചുടു കട്ടകെ് നിര്‍മ്മിച്ച ശീതികരണയൂണിറ്റില്‍ ഒരാഴ്ച വരെ പച്ചക്കറികള്‍ കേടുകൂടാതെ സൂക്ഷിക്കാം. ക്ളസ്റ്ററുകള്‍ മുഖേനയുള്ള ചെറുകിട മൂല്യ വര്‍ധിത യൂണിറ്റുകളുടെ പ്രോത്സാഹനം മറ്റൊരു ആകര്‍ഷക ഘടകമാണ്. കര്‍ഷകര്‍ക്ക് അവരുടെ ഉല്‍പങ്ങള്‍ക്ക് ന്യായവില നല്‍കുന്നതോടൊപ്പം യുവ തല മുറയെ കൃഷിയിലേക്ക് ആകര്‍ഷിക്കുന്നതിനും അധികമുള്ള ഉല്‍പാദനം മൂലമുള്ള വില തകര്‍ച്ച പിടിച്ചു നിര്‍ത്താനും പച്ചക്കറി വിപണനത്തിന് ഇടനിലക്കാരെ ഒഴിവാക്കുന്നതിനും കര്‍ഷകരുടെ വരുമാനം ഉയര്‍ത്തുന്നതിനും ഇത്തരം യൂണിറ്റുകള്‍ സഹായകരമാണ്. ഒരലക്ഷം രൂപയാണ് ഇത്തരം യൂണിറ്റുകള്‍ക്ക് അനുവദിക്കുന്ന സബ്സിഡി തുക. ജില്ലയില്‍ ഈ വര്‍ഷം ഇത്തരം ര് യൂണിറ്റുകള്‍ സ്ഥാപിക്കും.

അതാത് പഞ്ചായത്തുകളിലേക്കാവശ്യമായ പച്ചക്കറി തൈകള്‍ അവിടെ തന്നെ ഉല്‍പാദിപ്പിക്കുന്നതിനായി ചെറുകിട പച്ചക്കറി നഴ്സറികള്‍ അനുവദിക്കുന്നതിന് മൂന്ന് ലക്ഷത്തി അമ്പതിനായിരം രൂപ അനുവദിച്ചിട്ടു്. 50 സ്ക്വയര്‍ മീറ്റര്‍ യൂണിറ്റിന് 70000 രൂപ സബസിഡി അനുവദിക്കും. സ്കൂളിലും മറ്റ് സ്ഥാപനങ്ങളിലും 10 സെന്റില്‍ കുറയാതെയുള്ള സ്ഥലത്ത് പച്ചക്കറി കൃഷി നടത്തുന്നതിന് 5000 രൂപ അനുവദിക്കും. ജില്ലയില്‍ 100 സ്ഥാപനങ്ങള്‍ക്ക് ഈ രീതിയില്‍ ധനസഹായം അനുവദിക്കും. ഇതിന് പുറമെ സര്‍ക്കാര്‍ സ്ഥാപനങ്ങളിലും സ്വകാര്യ സ്ഥാപനങ്ങളിലും 25 സെന്റില്‍ കുറയാതെയുള്ള സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും കൃഷി ചെയ്യുന്നതിനുമായി ഒരു ലക്ഷം രൂപ വരെ ധനസഹായം നല്‍കും. പ്രോജക്ട് തയ്യാറാക്കുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും ഫ് അനുവദിക്കുന്നത്. ജില്ലയ്ക്ക് ്ഏഴുലക്ഷം രൂപ ഈ ഘടകത്തില്‍ അനുദിച്ചിട്ടു്.

വാണിജ്യാടിസ്ഥാനത്തില്‍ പച്ചക്കറി കൃഷി ചെയ്യുന്ന കര്‍ഷകര്‍ക്ക് ജലസേചനം നടത്തുന്നതിന് പമ്പ് സെറ്റ് വാങ്ങുതിന് 50 ശതമാനം സബ്സിഡി പരമാവധി 10000 രൂപ അനുവദിക്കും. ജില്ലയില്‍ 125 പമ്പ് സെറ്റ് വാങ്ങുന്നതിന് ഇത്തരത്തില്‍ സബ്സിഡി അനുവദിക്കും. രോഗ കീട നിയന്ത്രണത്തിന് ജൈവ കീടനാശിനികളും കുമിള്‍ നാശിനികളും തളിക്കുന്നതിനായി 125 സ്പ്രെയറുകള്‍ 1500 രൂപ സബ്സിഡി നിരക്കില്‍ വിതരണം ചെയ്യും. നൂതന സാങ്കേതിക വിദ്യകള്‍ കൃഷിയിടത്തില്‍ പരീക്ഷണാടിസ്ഥാനത്തില്‍ നടപ്പിലാക്കുന്നതിന് പ്രോജക്ട് അടിസ്ഥാനത്തില്‍ മൂന്നു ലക്ഷം വരെ അനുദിക്കും.പച്ചക്കറി കൃഷിയില്‍ മികവ് കാട്ടുന്ന വിദ്യാര്‍ത്ഥികള്‍, അധ്യാപകര്‍, കര്‍ഷകര്‍, കൃഷി ഉദ്യോഗസ്ഥര്‍, ക്ളസ്റ്ററുകള്‍, എന്നിവര്‍ക്ക് ജില്ലാ തലത്തില്‍ അവാര്‍ഡ് നല്‍കുന്നതിന് മൂന്നു ലക്ഷം രൂപ വകയിരുത്തിയിട്ടു്. മികച്ച ക്ളസ്റ്ററുകള്‍ ശക്തിപ്പെടുത്തുന്നതിനായി 6.3 ലക്ഷം രൂപ വീതം നല്‍കി മൂന്നു ക്ളസ്റ്ററുകളെ മികച്ച ക്ളസ്റ്ററുകളായി ഉയര്‍ത്തും. മറ്റ് 40 ക്ളസ്റ്ററുകള്‍ക്ക് ഓരോ ലക്ഷം രൂപ വീതം റിവോള്‍വിംഗ് ഫായി അനുവദിച്ചിട്ടു്. വാണിജ്യാടിസ്ഥാനത്തില്‍ പച്ചക്കറി കൃഷി ചെയ്യുന്ന കര്‍ഷകര്‍ക്ക് കണിക ജലസേചനം ഏര്‍പ്പെടുത്തുന്നതിനായി 18 ലക്ഷം രൂപ അനുവദിച്ചിട്ടു്. ചുരുക്കത്തില്‍ പച്ചക്കറി കൃഷി ഉല്‍പാദനത്തില്‍ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി സമഗ്ര വികസന പദ്ധതിക്കാണ് കൃഷി വകുപ്പ് ഈ വര്‍ഷം ജില്ലയില്‍ തുടക്കം കുറിച്ചിട്ടുള്ളതെന്നും പ്രിന്‍സിപ്പല്‍ കൃഷി ഓഫീസര്‍ അറിയിച്ചു.

## സ്ഥാപനങ്ങളില്‍ പച്ചക്കറി കൃഷി; അപേക്ഷ ക്ഷണിച്ചു

സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം സ്കൂളുകളിലും മറ്റ് സ്ഥാപനങ്ങളിലും പച്ചക്കറി കൃഷി ചെയ്യുന്നതിന് അപേക്ഷ ക്ഷണിച്ചു. സ്വകാര്യ സ്ഥാപനങ്ങളിലും കൃഷി നടത്താം. കൃഷിക്ക് അടിസ്ഥാന സൗകര്യം ഒരുക്കുതിന് 90 ശതമാനംവരെ സബ്സിഡി അനുവദിക്കും. സ്ഥാപനങ്ങള്‍ക്ക് കുറഞ്ഞത് 25 സെന്റ് സ്ഥലമെങ്കിലും സ്വന്തമായി ഉായിരിക്കണം. പദ്ധതി പ്രയോജനപ്പെടുത്താനാഗ്രഹിക്കുന്ന സ്ഥാപനങ്ങള്‍ അതാത് പഞ്ചായത്തിലെ കൃഷി ഭവനില്‍ ഈ മാസം 30നകം അപേക്ഷ സമര്‍പ്പിക്കണം.

## മഴമറ നിര്‍മ്മാണം; അപേക്ഷ ക്ഷണിച്ചു

വര്‍ഷം മുഴുവന്‍ പച്ചക്കറി കൃഷി ചെയ്യാന്‍ അനുയോജ്യമായ റെയിന്‍ ഷെല്‍ട്ടറുകള്‍ നിര്‍മ്മിക്കുന്നതനിന് കാര്‍ഷിക വികസന കര്‍ഷക ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. 100 സ്ക്വയര്‍ മീറ്റര്‍ വിസ്തൃതിയുള്ള റെയിന്‍

(തുടരും)

ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് 50,000 രൂപ സബ്സിഡി അനുവദിക്കും. അർഹരായ കർഷകർ ഈ മാസം 30നകം അതാത് പഞ്ചായത്തുകളിലെ കൃഷി ഭവനുകളിൽ അപേക്ഷ സമർപ്പിക്കണം.

# കെസ്റു, ജോബ് ക്ലബ്, ശരണ്യ: അപേക്ഷ ക്ഷണിച്ചു

2018-2019 സാമ്പത്തിക വരഷം കെസ്റു, ജോബ് ക്ളബ്ബുകൾ, ശരണ്യ തുടങ്ങിയവ തുടങ്ങാനുദ്ദേശിക്കുന്ന കാസർകോട് ജില്ലക്കാരായ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷ ക്ഷണിച്ചു. ജില്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് കാസർകോട്, ടൗൺ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് ഹോസ്ദുർഗ് എന്നീ ഓഫീസുകളിൽ ബന്ധപ്പെടുക. ജില്ലാ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച്, കാസർകോട്:ഫോ നമ്പർ 04994 255582, ടൗൺ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് , ഹോസ്ദുർഗ്- 04672 209068

# വാഹനലേലം

കാഞ്ഞങ്ങാട് ആർഡിഒ ഓഫീസിൽ ജൂലൈ നാലിന് രാവിലെ 11ന് എൽഎംവി മോട്ടോർ കാർ(ടവേര മോഡൽ-2009) വാഹനം ലേലം ചെയ്യും. വിദ്യാനഗർ ശ്രീവിനായക ഓട്ടോ വർക്സിൽ സൂക്ഷിച്ചിരിക്കുന്ന വാഹനം പരിശോധിക്കാവുന്നതാണെന്നും ആർഡിഒ അറിയിച്ചു.

# പുനർ ദർഘാസ്

നടപ്പ് സാമ്പത്തിക വർഷം ജില്ലാ സ്റ്റേഷനറി ഓഫീസിലെ കയറ്റിറക്ക് ജോലികൾ ചെയ്യുന്നതിനുള്ള കരാർ സംബന്ധിച്ച പുനർ ദർഘാസ് പ്രസിദ്ധീകരിച്ചു. ജൂലൈ ആറ് ഉച്ചകഴിഞ്ഞ് മൂന്നുവരെ ദർഘാസ് ഫോറങ്ങൾ ഓഫീസിൽ നിന്നും ലഭിക്കും. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും നേരിട്ടറിയാമെന്ന് ജില്ലാ സ്റ്റേഷനറി ഓഫീസർ അറിയിച്ചു.

# തൈകൾ വിതരണത്തിന്

കറിവേപ്പ്, റെഡ്ലേഡി പപ്പായ, മുരിങ്ങ എന്നിവയുടെ തൈകൾ സൗജന്യനിരക്കിൽ കാസർകോട് കൃഷിഭവനിൽ വിതരണത്തിന് എത്തിയിട്ടുന്നെ് കൃഷി ഓഫീസർ അറിയിച്ചു.

# ഇൻസ്ട്രക്ടർ കൂടിക്കാഴ്ച ഇന്ന്

കയ്യൂർ ഗവ.ഐ.ടി.ഐയിൽ ഐ.എം.സി മുഖാന്തിരം അരിത്തമറ്റിക് കം ഡ്രോയിംഗ് വിഷയത്തിൽ ഇൻസ്ട്രക്ടറുടെ ഒഴിവിലേക്ക് നിശ്ചിതയോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ഇന്ന് (26) രാവിലെ പത്തിന് അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഐ.ടി.ഐയിൽ ഹാജരാകണം. യോഗ്യത: സിവിൽ/ഇലക്ട്രിക്കൽ/മെക്കാനിക്കൽ/ ഇലക്ട്രോണിക്ക്സ്/ഓട്ടോമൊബൈൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലുള്ള ത്രിവത്സര ഡിപ്ലോമ/എഞ്ചിനീയറിംഗ് ബിരുദം. ഫോൺ: 04672230980

# അധ്യപക ഒഴിവ്

പട്ടികജാതി വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വെള്ളച്ചാൽ ആകുട്ടികളുടെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 2018-19 അധ്യയന വർഷം മാത്തമാറ്റിക്ക്സ് (എച്ച്.എസ്.എ.), നാച്വറൽ സയൻസ് (എച്ച്.എസ്.എ.) സംഗീത അധ്യപക തസ്തികളിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. യോഗ്യതയുള്ളവർ ജൂലൈ അഞ്ചിന് അഞ്ച് മണിക്കകം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ പട്ടികജാതി വികസന ഓഫീസിൽ അപേക്ഷ സമർപ്പിക്കണം. ഫോൺ; 04994 256162 .

# ഗവ.ഐ.ടി.ഐ പ്രവേശനം

മടിക്കൈ ഗവ.ഐ.ടി.ഐയിൽ 2018 വർഷത്തെ എസ്.സി.വി.ടി ട്രേഡുകളിലേക്കുള്ള(ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ ) പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. www.itiadmissionskerala.org , https://det.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേത്. ഐ.ടി.ഐയിൽ

(തുടരും)

പ്രവർത്തിക്കുന്ന ഹെൽപ്പ്ഡെസ്ക്കിലൂടേയും അപേക്ഷ സമർപ്പിക്കാം. അപേക്ഷസമർപ്പിക്കേ അവസാന തീയതി ഈ മാസം 30. ഫോൺ: 0467 2240282

## ഫെസിലിറ്റേറ്റർ നിയമനം; കൂടിക്കാഴ്ച 28ന്

ജില്ലയിൽ കടലിൽ പോകുന്നതും തിരികെ വരുന്നതുമായ മത്സ്യബന്ധന യാനങ്ങളുടെയും അതിലെ ജീവനക്കാരുടെയും വിവരങ്ങൾ രേഖപ്പെടുത്തുതിനും മറ്റ് ബന്ധപ്പെട്ട ജോലികൾക്കുമായി 'സാഗര' ഫെസിലിറ്റേറ്റർമാരെ നിയമിക്കുന്നു. ജില്ലയിൽ ചെറുവത്തൂർ, ഹൊസ്ദുർഗ്ഗ്, പള്ളിക്കര, കാസർകോട്, മഞ്ചേശ്വരം കേന്ദ്രങ്ങളിൽ ഓരോ ഫെസിലിറ്റേറ്റർമാരെ വീതം എട്ടു മാസത്തേക്ക് താൽക്കാലികമായാണ് നിയമനം. നിയമിക്കുന്നവർക്ക് മാസം 15,000 രൂപയായിരിക്കും ശമ്പളം. അപേക്ഷകർ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപ്പെട്ടവരായിരിക്കണം. ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവുമാണ് യോഗ്യത. ഫിഷറീസ് സ്കൂളുകളിൽ (ജി.ആർ.എഫ്.ടി.എച്ച്.എസ്) പഠിച്ചവർക്കും വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ഫിഷറിസ് വിഷയം പഠിച്ചവർക്കും മുൻഗണന. വയസ് 20-നും 40-നും ഇടയ്ക്കായിരിക്കണം. അതിരാവിലെയും രാത്രി സമയങ്ങളിലും വിവര ശേഖരണങ്ങൾ നടത്തേതിനാൽ ആൺകുട്ടികൾക്ക് മുൻഗണന നൽകും. താല്പര്യമുള്ളവർ ഈ 28ന് ച്ചയ്ക്ക് 2.30 ന് കാഞ്ഞങ്ങാട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ രേഖകൾ സഹിതം അഭിമുഖത്തിന് ഹാജരാകണം.ഫോൺ: 04672 202537.

## കേരള മീഡിയ അക്കാദമി : ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷിക്കാം

സംസ്ഥാന സർക്കാരിന്റെ കീഴിൽ കാക്കനാട് (കൊച്ചി) പ്രവർത്തിക്കുന്ന കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ നടത്തുന്ന ജേർണലിസം & കമ്മ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ്, ടി.വി. ജേർണലിസം എന്നീ പോസ്റ്റ് ഗ്രാജ്വുവേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് ജൂലൈ അഞ്ചുവരെ അപേക്ഷിക്കാം.

പ്രിന്റ്, ടെലിവിഷൻ, റേഡിയോ, ഓൺലൈൻ, സോഷ്യൽ മീഡിയ തുടങ്ങിയ മാധ്യമ പ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ പരിശീലനം നൽകുന്ന സമഗ്രമായ പാഠ്യപദ്ധതിയുള്ള കോഴ്സാണ് ജേർണലിസം & കമ്മ്യൂണിക്കേഷൻ. പബ്ലിക് റിലേഷൻസ് & അഡ്വർടൈസിങ് കോഴ്സ് ഈ മേഖലയിലെ നൂതനപ്രവണതകൾക്കും സോഷ്യൽ മീഡിയ, വെബ് അഡ്വർടൈസിങ് എന്നിവയ്ക്കും പ്രാധാന്യമുള്ള കരിക്കുലത്തിന്റെ അടിസ്ഥാനത്തിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ടെലിവിഷൻ, റേഡിയോ, സോഷ്യൽ മീഡിയ, കൺവർജന്റ് മീഡിയ, മൊബൈൽ ജേർണലിസം തുടങ്ങിയ അത്യാധുനിക മേഖലകളിലെ ക്യാമറ, എഡിറ്റിങ്, പ്രൊഡക്ഷൻ തുടങ്ങി എല്ലാ വിഭാഗങ്ങളിലും സമഗ്രമായ പ്രായോഗിക പരിശീലനം നൽകുന്ന കോഴ്സാണ് ടെലിവിഷൻ ജേർണലിസം. കോഴ്സുകളുടെ ദൈർഘ്യം ഒരു വർഷമാണ്. ഏതെങ്കിലും വിഷയത്തിൽ ബിരുദമാണ് അടിസ്ഥാന യോഗ്യത. ബിരുദകോഴ്സ് അവസാന വർഷ പരീക്ഷയെഴുതിയവർക്കും അപേക്ഷിക്കാം. പ്രായം 31.05.2018 ൽ 30 വയസ് കവിയരുത്. പട്ടികവിഭാഗക്കാർക്ക് അഞ്ചുവർഷത്തെ വയസിളവ്. അഭിരുചി പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ പ്രവേശനപരീക്ഷാകേന്ദ്രം ഉായിരിക്കും.

അപേക്ഷാഫോറവും പ്രോസ്പെക്ടസും മീഡിയ അക്കാദമിയുടെ www.keralamediaacademy.org വെബ്സൈറ്റിൽ നിന്ന് ഡൗലോഡ് ചെയ്യാം. അപേക്ഷാഫീസ് 300 രൂപ (പട്ടികജാതി/ പട്ടികവർഗ്ഗ / ഒ.ഇ.സി. വിഭാഗക്കാർക്ക് 150 രൂപ) അപേക്ഷയോടൊപ്പം സെക്രട്ടറി, കേരള മീഡിയ അക്കാദമി എന്ന പേരിൽ എറണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ആയി നൽകണം. ചെക്കും ഫീസ് നൽകാത്ത അപേക്ഷകളും സ്വീകരിക്കില്ല. പൂരിപ്പിച്ച അപേക്ഷാഫോറം 2018 ജൂലൈ അഞ്ചിന് വൈകിട്ട് 5 മണിക്കകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി - 30 എന്ന വിലാസത്തിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽ നിന്നു ലഭിക്കും. ഫോൺ : 0484 - 2422275, 0484 - 2422068 0484 - 2100700. ഇ-മെയിൽ : keralamediaacademy.gov@gmail.com

## ഇതരസംസ്ഥാനതൊഴിലാളികൾക്ക് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

സംസ്ഥാനതൊഴിലും നൈപുണ്യവും വകുപ്പിന്റെ ആഭിമുഖ്യത്തിൽ ദേശീയനഗര ആരോഗ്യദൗത്യത്തിന്റെയും ആരോഗ്യവകുപ്പിന്റെയും സഹകരണത്തോടെ ഇതരസംസ്ഥാനതൊഴിലാളികൾക്കായി കാഞ്ഞങ്ങാട് മുനിസിപ്പൽ ടൗൺ ഹാളിൽ സൗജന്യ മെഡിക്കൽ ക്യാമ്പും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. കാഞ്ഞങ്ങാട് നഗരസഭാ കൗൺസിലർ എച്ച്. റംഷീദിന്റെ അധ്യക്ഷതയിൽ നഗരസഭാവിദ്യാ

(തുടരും)

ഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിചെയര്‍മാന്‍ മഹമൂദ്മുറിയനാവി ഉദ്ഘാടനം ചെയ്തു.ജില്ലാ ലേബര്‍ ഓഫീസര്‍ (ജനറല്‍) കെ.മാധവന്‍, അസി.ലേബര്‍ ഓഫീസര്‍ പി.വത്സലന്‍, മെഡിക്കല്‍ ഓഫീസര്‍ സിറിയക് ആന്റണി, എന്‍യുഎച്ച്എം ജില്ലാ കോ-ഓര്‍ഡിനേറ്റര്‍ സൂരജ്,പാന്‍ടെക് ജില്ലാ പ്രൊജക്ട് മാനേജര്‍ ജോബിന്‍ അബ്രഹാം സംസാരിച്ചു.ജില്ലാ ലേബര്‍ ഓഫീസര്‍ (എന്‍ഫോഴ്സ്മെന്റ്) ഷാജു. കെ.എ. സ്വാഗതവും അസി.ലേബര്‍ ഓഫീസര്‍ ഷൈന നന്ദിയും പറഞ്ഞു.റിട്ട. ആര്‍മി എഡ്യുക്കേഷണല്‍ ഇന്‍സ്ടക്ടര്‍ പി. കരുണാകരന്‍ ബോധവത്ക്കരണ ക്ലാസ്സ്നടത്തി.തുടന്ന് നടന്ന മെഡിക്കല്‍ ക്യാമ്പില്‍ നാലുഡോക്ടര്‍മാര്‍ താഴിലാളിളെ പരിശോധിച്ച് മരുന്ന്വിതരണം ചെയ്തു.രോഗ നിര്‍ണ്ണയത്തിനായി താഴിലാളികളുടെ രക്തസാമ്പിളുകള്‍ ശേഖരിച്ചു. 150 ഇതരസംസ്ഥാനതൊഴിലാളികള്‍ ക്യാമ്പില്‍ പങ്കെടുത്തു. 92 തൊഴിലാളികള്‍ക്ക് സൗജന്യ ആരോഗ്യ ഇന്‍ഷുറന്‍സ്പദ്ധതിയായ'ആവാസ്'ല്‍ എന്‍റോള്‍മെന്റ്ചെയ്യുകയും കാര്‍ഡ്വിതരണം നടത്തുകയും ചെയ്തു.

## വാഹനത്തിന് ക്വട്ടേഷന്‍ ക്ഷണിച്ചു

വിദ്യാനഗര്‍ സിവില്‍ സ്റ്റേഷനില്‍ പ്രവര്‍ത്തിക്കുന്ന വനിതാ പ്രൊട്ടക്ഷന്‍ ഓഫീസിന്റെ ഔദ്യോഗിക ആവശ്യത്തിനായി 31.03.2019 വരെ കരാര്‍ വ്യവസ്ഥയില്‍ കാര്‍/ജീപ്പ് മാസവാടകയിക്ക് നല്‍കുന്നതിന് താത്പര്യമുള്ള വാഹന ഉടമകളില്‍ നിന്നും ക്വട്ടേഷന്‍ ക്ഷണിച്ചു. അവസാന തീയതി ജുലൈ 11. ഫോണ്‍ 04994 256660.

## അപേക്ഷ ക്ഷണിച്ചു

കേരള സംസ്ഥാന പട്ടികജാതി പട്ടികവര്‍ഗ്ഗ വികസന സഹകരണ ഫെഡറേഷന്‍ ആയൂര്‍ധാരയിലെ ആയൂര്‍വേദ ഉല്‍പ്പന്നങ്ങള്‍, ട്രൈഫെഡിന്റെ ഉല്‍പ്പന്നങ്ങള്‍, അംഗസംഘങ്ങളുടെ കരകൗശല ഉല്‍പ്പന്നങ്ങള്‍, വനവിഭവങ്ങള്‍ മുതലായവ വില്‍ക്കുന്നതിന് എല്ലാ ജില്ലയിലെയും ജില്ലാ കോര്‍പ്പറേഷന്‍,മുനിസിപ്പാലിറ്റി,പഞ്ചായത്ത് പരിധിയില്‍പ്പെടുന്ന സ്ഥലങ്ങളിലും കൂടാതെ ഔട്ട്ലെറ്റുകള്‍,ബങ്കുകള്‍,ഏജന്‍സികള്‍ എടുക്കുന്നതിന് താല്‍പര്യമുള്ളവരില്‍ നിന്നും അപേക്ഷ ക്ഷണിച്ചു. ഫോണ്‍: 0487 2354851

## ടെക്നിക്കല്‍ അസിസ്റ്റന്റ് നിയമനം

മുളിയാര്‍ ഗ്രാമപഞ്ചായത്തില്‍ ടെക്നിക്കല്‍ അസിസ്റ്റന്റ് തസ്തികയില്‍ നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാര്‍ത്ഥികള്‍ അപേക്ഷയും യോഗ്യത സര്‍ട്ടിഫിക്കറ്റും (അസലും പകര്‍പ്പും) സഹിതം ജുലൈ മൂന്നിന് രാവിലെ 11 മണിക്ക് ഗ്രാമപഞ്ചായത്ത് ഓഫിസില്‍ ഹാജരാകണം. കൂടുതല്‍ വിവരങ്ങള്‍ക്ക് ഓഫീസുമായി ബന്ധപ്പെടുക. ഫോണ്‍- 04994 250226

## ക്ഷേമനിധി കുടിശ്ശിക അടയ്ക്കണം

മലബാര്‍ ദേവസ്വം ക്ഷേത്രജീവനക്കാരുടെയും എക്സിക്യൂട്ടീവ് ഓഫീസര്‍മാരുടെയും ക്ഷേമനിധിയില്‍ അംഗങ്ങളായവര്‍ ക്ഷേമനിധി വിഹിതം കുടിശ്ശിക ജുലൈ 31 നകം തീര്‍ത്തടയ്ക്കണം. അല്ലാത്തപക്ഷം അംഗത്വം റദ്ദ് ചെയ്യും. കുടിശ്ശിക അടയ്ക്കുമ്പോള്‍ ശമ്പളപ്പട്ടികയുടെ ഗസറ്റഡ് ഓഫീസര്‍ സാക്ഷ്യപ്പെടുത്തിയ പകര്‍പ്പ്, ഇപ്പോഴും ജോലിയില്‍ തുടരുന്നു് എന്ന ക്ഷേത്രഭാരവാഹിയുടെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കണം.

## അധ്യാപക ഒഴിവ്

ബേക്കൂര്‍ ഗവ.ഹയര്‍ സെക്കന്ററി സ്കൂളില്‍ ഹയര്‍ സെക്കന്ററി വിഭാഗത്തില്‍ എച്ച്.എസ്.എസ്.ടി (കെമിസ്ട്രി), എച്ച്.എസ്.എസ്.ടി (ജൂനിയര്‍ ഉറുദു) എന്നീ തസ്തികകയില്‍ താത്ക്കാലിക അധ്യാപക ഒഴിവുകളു്. യോഗ്യരായ ഉദ്യോഗാര്‍ത്ഥികള്‍ അസല്‍ സര്‍ട്ടിഫിക്കറ്റ് സഹിതം നാളെ (27)രാവിലെ 10.30 ന് സ്കൂള്‍ ഓഫീസില്‍ എത്തിച്ചേരണം.

(അവസാനിച്ചു)